പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 553 30/06/2016 ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിലെ എടവണ്ണയിലെ ഹാച്ചറി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പി.കെ . ബഷീർ: | | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി). |
| എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയ എടവണ്ണ ഹാച്ചറിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) | ഹാച്ചറിയുടെ പ്രവർത്തനത്തിനുവേണ്ടിയുള്ള വിവിധ കെട്ടിടങ്ങളുടെ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടന്നു കൊണ്ടിരിക്കുകയാണ്. ഹാച്ചറിയുടെ ആവശ്യത്തിനായുള്ള 25,000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. |
| ബി) ഒന്നാം ഘട്ടപ്രവർത്തിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ഹാച്ചറിക്കുവേണ്ട ബ്രൂഡർ, ഗ്രോവർ, ലേയർ ഷെഡുകൾ ഹാച്ചറി കെട്ടിടം, ഓഫീസ് കെട്ടിടം, ലബോറട്ടറി മാലിന്യ സംസ്കരണ ടാങ്കുകൾ, വാട്ടർ ടാങ്ക് തുടങ്ങിയ വർക്കുകളാണ് ഒന്നാം ഘട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്. |
| സി) എടവണ്ണ ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ? | സി) | ഒന്നാം ഘട്ടനിർമ്മാണം പൂർത്തീകരിച്ചശേഷം ആർ.കെ.വി.വൈ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ